പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2276 — 5.12.2018 ൽ മറുപടിയ്ക്ക്

## <u>സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ സംവരണം</u>

ചോദ്യം — മറുപടി

ശ്രീ.കെ.എൻ.എ ഖാദർ — കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ മൂന്ന് ശതമാനം സംവരണ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി തുടർന്നുവരുന്ന മാനദണ്ഡങ്ങളിൽ സുപ്രീം കോടതിയുടെ 2013 ലെ വിധി പ്രകാരം വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാരുടെ 3% സംവരണ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി തുടർന്നുവരുന്ന മാനദണ്ഡങ്ങളിൽ സുപ്രീംകോടതിയുടെ 2013 ലെ വിധിയുടെ അടിസ്ഥാനത്തിൽ അംഗപരിമിതർക്ക് പി.എസ്.സി മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം 1996 മുതൽ നൽകിയും 100 പോയിന്റ് റിസർവ്വേഷൻ റോസ്റ്ററിൽ 33, 66, 99 എന്നീ ഔട്ട് ഓഫ് ടേണുകൾക്ക് പകരമായി 1, 34, 67 ഔട്ട് ഓഫ് ടേണുകൾ നിശ്ചയിച്ചും ഉത്തരവായിട്ടുണ്ട്. |
| (ബി) നിലവിൽ ഭിന്നശേഷിക്കാരുടെ സംവരണത്തിന് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | (ബി) ഭിന്നശേഷിക്കാർക്ക് സർക്കാർ സംരംഭങ്ങളിൽ സംവരണം ഉറപ്പാക്കുന്നതിന് 1995 ലെ Persons with Disabilities (Equal Opportunities Protection of Rights and Full Participation) Act ലെ വ്യവസ്ഥകളും തുടർന്ന് 2016 ലെ The Rights of Persons with Disabilities Act ലെ വ്യവസ്ഥകളുമാണ് അടിസ്ഥാനമാക്കുന്ന മാനദണ്ഡങ്ങൾ. |
| (സി) സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംവരണം നിശ്ചയിക്കുമ്പോൾ ബാക്ക് ലോഗ് പരിഗണിക്കുമെന്ന് അറിയിച്ചിട്ടുണ്ടോ;വിശദമാക്കുമോ;<br>(ഡി) ഇത് പാലിക്കപ്പെടുന്നുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ഇതിന് നേരിടുന്ന തടസ്സങ്ങൾ വിശദമാക്കാമോ? | (സി) & (ഡി) ഭിന്നശേഷിക്കാരുടെ നിയമനത്തിൽ ബാക്ക് ലോഗ് കണ്ടെത്തുന്നതിന് സർക്കാർ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ ഇത് പാലിക്കപ്പെടുന്നുണ്ടോ എന്ന വിവരം അറിയാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ